**കേരള സർക്കാർ**

നം. 1128524/ബി1/17/സാനീവ.

സാമൂഹ്യനീതി (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 13.01.2017.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

ശ്രീമതി. മുക്ത.കെ
കോയിക്കലത്ത്, മരുതൂർകുളങ്ങര സൗത്ത്
ആലുംകടവ്.പി.ഒ, കരുനാഗപ്പള്ളി
കൊല്ലം - 690573

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ് - വിവരാവകാശനിയമം 2005 – വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 11.01.2017 ന് ഈ വകുപ്പിൽ ലഭിച്ച 31.12.2016 ലെ താങ്കളുടെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്, താങ്കൾക്ക് നേരിട്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

ഇതിനെതിരെ താങ്കൾക്ക് അപ്പീൽ ബോധിപ്പിക്കാനുണ്ടെങ്കിൽ ഒരു മാസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരി (അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, റൂം നമ്പർ 108, ഗ്രൗണ്ട് ഫ്ലോർ, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, ഫോൺ നമ്പർ 0471-25718373) മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**കെ.ജെ.ബീനമോൾ**
**അണ്ടർ സെക്രട്ടറി &**
**സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ**

പകർപ്പ്:- സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ് (വിവരാവകാശ നിയമപ്രകാരം അപേക്ഷകന് സമയബന്ധിതമായി നേരിട്ട് മറുപടി നൽകുന്നതിനായി സൂചന പ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് സഹിതം)

"ഭരണഭാഷ - മാതൃഭാഷ"

## വിവരാവകാശം/ മറുപടി

നമ്പർ:F4-10255/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 27.01.2017.
Email: swdkerala@gmail.com
Phone: 0471-2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീമതി. മുക്ത. കെ.എൻ
കോയിക്കലത്ത്,
മരത്തൂർകുളങ്ങര. പി.ഒ.,
ആലുംകടവ്, കരുനാഗപ്പള്ളി,
കൊല്ലം - 690 598.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം ട്രാൻസ്ജെന്റർമാരുടെ വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന: 13.01.2017 ലെ 1128524/B3/17/സാ.നീ.വ. നമ്പർ കത്ത്.

സൂചന കത്തിലൂടെ ലഭിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം. 1: സാമൂഹ്യ സുരക്ഷാ മിഷൻ നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം സംസ്ഥാനത്തെ ട്രാൻസ്ജെന്റർമാരുടെ കണക്ക് ശേഖരിച്ചിരുന്നു. ഇതിൻപ്രകാരം 1187 ട്രാൻസ്ജെന്റർമാരാണ് ഉള്ളത്.

ചോദ്യം. 2: ട്രാൻസ്ജെന്റർമാരായ 7- ാം ക്ലാസ് മുതൽ ഡിഗ്രിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

I. സ.ഉ.(സാധാ)നം. 493/2015/സാ.നീ.വ. തീയതി. 03.08.2015 പ്രകാരം

| | | | പ്രതിമാസം അനുവദിക്കുന്ന തുക |
|---|---|---|---|
| 1. | 7 -ാം ക്ലാസ്സ് മുതൽ 10- ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് | 10 മാസത്തേക്ക് | 1,000/- (1000x10=10,000) |
| 2. | +1 മുതൽ +2 വരെ | 10 മാസത്തേക്ക് | 1,500/- (1500x10=15,000) |
| 3. | ഡിപ്ലോമ, ഡിഗ്രി പ്രൊഫഷണൽ കോഴ്സുകൾക്ക് | 10 മാസത്തേക്ക് | 2,000/- (2000x10=20,000) |

PL.

II. സംസ്ഥാനത്തെ ട്രാൻസ്ജെന്റർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

ചോദ്യം. 3: അതാത് ജില്ലകളിൽ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷനുമായി (CBO) ബന്ധപ്പെട്ടാണ് രജിസ്ട്രേഷൻ നടത്തി വരുന്നത്. CBO സിന്റെ നിർദ്ദേശപ്രകാരം ആവശ്യമായ രേഖകൾ നൽകേണ്ടതാണ്.

ചോദ്യം. 4: ട്രാൻസ്ജെന്റർ ആണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകുന്നതാണ്.

ചോദ്യം. 5: കൊല്ലം ജില്ലയിലെ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ Love Land Arts Society (Kottappurath Apartment, Vellaithambalam. P.O., Kollam) ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ചോദ്യം. 6: കൊല്ലം ജില്ലയിൽ സെൻസസ് സർവ്വേ പ്രകാരം 128 ട്രാൻസ്ജെന്റർമാർ ഉണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള മറുപടി തൃപ്തികരമല്ലെന്ന് കാണുന്നപക്ഷം ചുവടെ പരാമർശിക്കുന്ന അപ്പീൽ അധികാരിയ്ക്ക് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ അധികാരിയുടെ പേര് ചുവടെ ചേർക്കുന്നു.

<u>അപ്പീൽ അധികാരി</u>

**കെ.കെ. സുരേന്ദ്രകുമാർ**
**അഡീഷണൽ ഡയറക്ടർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**അഞ്ചാം നില, വികാസ് ഭവൻ,**
**തിരുവനന്തപുരം.**
**ഫോൺ : 0417-2302851**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**

PL